REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 23-07-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ലണ്ടനിലെത്തും. ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ സന്ദർശനം.**
- **അന്തരിച്ച ജനപ്രിയ നേതാവ് VS അച്യുതാനന്ദന് യാത്രാമൊഴി നൽകാൻ കണ്ണീരോടെ കേരളം. സംസ്കാരം വൈകിട്ട് ആലപ്പുഴ വലിയചുടുകാട്ടിൽ. വിലാപയാത്ര അല്പം മുമ്പ് കരുനാഗപ്പള്ളി പിന്നിട്ടു.**
- **സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കുന്നതിന്, കരട് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.**
- **ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.**
- **ഇംഗ്ലണ്ടിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.**

## വാർത്തകൾ വിശദമായി

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ലണ്ടനിലെത്തും. ഇന്ത്യ - UK ബന്ധം ശക്തിപ്പെടുത്തുന്നതിന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ സന്ദർശനം. പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ ഇരുവരും അഭിപ്രായങ്ങൾ കൈമാറും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

സന്ദർശനം ഇരു രാജ്യങ്ങൾക്കും ഗുണകരമാകുമെന്നും സ്വതന്ത്ര വ്യാപാരം സംബന്ധിച്ച ഭാവി കരാറിൽ രണ്ടു നേതാക്കളും ഒപ്പുവയ്ക്കുമെന്നും UK യിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ വിക്രംകുമാർ ദൊരൈസ്വാമി അറിയിച്ചു. രണ്ടു രാജ്യങ്ങളിലെയും സമ്പദ് വ്യവസ്ഥയിൽ മോദിയുടെ സന്ദർശനം മികച്ച സ്വാധീനം ചെലുത്തുമെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രിയുടെ സന്ദർശനത്തെ അഭിലാഷരേഖയെന്നു വിശേഷിപ്പിച്ച അദ്ദേഹം രണ്ടു രാജ്യങ്ങളും തമ്മിൽ ഉണ്ടാക്കുന്ന കരാർ വിനോദസഞ്ചാര മേഖലയിൽ കൂടുതൽ പങ്കാളിത്തത്തിന് വഴിയൊരുക്കുമെന്നും അഭിപ്രായപ്പെട്ടു.

✪✪✪

അന്തരിച്ച മുൻ മുഖ്യമന്ത്രിയും പ്രിയനേതാവുമായ VS അച്യുതാനന്ദന് യാത്രാമൊഴി നൽകാൻ കണ്ണീരോടെ കേരളം. VS ന്റെ കർമ്മ ഭൂമിയായ തലസ്ഥാനനഗരിയുടെ അന്ത്യാഭിവാദ്യം ഏറ്റുവാങ്ങിയ ശേഷം ദർബാർ ഹാളിൽ നിന്ന് ഇന്നലെ ഉച്ചയ്ക്ക് ആലപ്പുഴയിലേക്ക് ആരംഭിച്ച വിലാപയാത്ര ഏറ്റവുമൊടുവിൽ കരുനാഗപ്പള്ളി പിന്നിട്ടു. ആയിരങ്ങൾ അന്ത്യാഞ്ജലിയർപ്പിക്കാൻ വഴിനീളെ കാത്തിരിക്കുകയാണ്. മണിക്കൂറുകൾ വൈകിയാണ് വിലാപയാത്ര ഓരോ കേന്ദ്രങ്ങളും പിന്നിടുന്നത്.

ആകാശവാണി ആലപ്പുഴ പ്രതിനിധി R രവികുമാറിന്റെ റിപ്പോർട്ട്

...(വോയ്സ്).....

✪✪✪

VS. അച്യുതാനന്ദന്റെ മരണാനന്തര ചടങ്ങുകളുമായി ബന്ധപ്പെട്ട് ഇന്ന് ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പൊതു അവധിയാണ്. KSEB ഓഫീസുകൾക്കും അവധിയായിരിക്കും.വൈദ്യുതി തടസ്സം ഒഴിവാക്കാനാശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറുകൾ പ്രവർത്തിക്കില്ല. ഓൺലൈനായി പണമടയ്ക്കാം.

മഹാത്മാഗാന്ധി സർവകലാശാല ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിയിട്ടുണ്ട്. പുതിയ തിയതി പിന്നീട് അറിയിക്കും.

✪✪✪

സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കുന്നതിന് കരട് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 30ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാൻ അറിയിച്ചു. കരട് പട്ടികയിൽ 20,998 വാർഡുകളിലായി രണ്ട് കോടി 66 ലക്ഷത്തി,78,256 പേരാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ ഒരു കോടി 40 ലക്ഷത്തി 45,837 സ്ത്രീകളും, ഒരു കോടി 26 ലക്ഷത്തി 32,186 പുരുഷൻമാരുമുണ്ട്. 233 ട്രാൻസ്ജെൻഡറുകളും പട്ടികയിലുണ്ട്.

കരട് വോട്ടർപട്ടിക എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ് സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കും. ആഗസ്റ്റ് ഏഴ് വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയാക്കിയവർക്ക് വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്താവുന്നതാണ്.

✪✪✪

ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. റേഡിയോ, ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഓർമ്മിപ്പിക്കാനാണ് എല്ലാ വർഷവും ജൂലൈ 23-ന് ദേശീയ പ്രക്ഷേപണ ദിനം ആചരിക്കുന്നത്. റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്).......

കാലാവസ്ഥാ വെല്ലുവിളികളെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കാനും പരിസ്ഥിതി സുസ്ഥിരതാ ലക്ഷ്യം നേടാനും ലോക വ്യാപകമായി കാലാവസ്ഥാ വ്യതിയാനത്തിനെതിരെ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനുമാണ് ഈ വർഷത്തെ പ്രക്ഷേപണ ദിനാചരണം.

1923 ജൂൺ 23 നാണ് ബോംബെ സ്റ്റേഷനിൽ നിന്ന് റേഡിയോ പ്രക്ഷേപണം ആരംഭിച്ചത്. എന്നാൽ മാസങ്ങൾക്കകം തന്നെ അതിന്റെ പ്രവർത്തനം നിലച്ചു. പിന്നീട് 1927 ജൂലൈ 23 ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി എന്ന പേരിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ചു. ഈ ദിവസമാണ് ദേശീയ പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്. 1930 ൽ ബ്രിട്ടീഷ് ഗവൺമെന്റ് റേഡിയോ പ്രക്ഷേപണം ഏറ്റെടുക്കുകയും ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. 1936 ജൂൺ 8 ന് ഇതിന്റെ പേര് ഓൾ ഇന്ത്യ റേഡിയോ എന്നാക്കി മാറ്റി. 1957 ലാണ് ആകാശവാണി എന്ന പേരിന്റെ പിറവി.

✪✪✪

പാകിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിലെ വിലക്ക് ആഗസ്റ്റ് 23 വരെ നീട്ടി. ഇതു സംബന്ധിച്ച നോട്ടീസ് വ്യോമയാന വകുപ്പ് പുറപ്പെടുവിച്ചതായി കേന്ദ്രസഹമന്ത്രി മുരളീധർ മൊഹോൾ അറിയിച്ചു. ഇന്ത്യൻ വിമാനങ്ങൾക്ക് പാകിസ്ഥാൻ വ്യോമമേഖലയിലെ പ്രവേശനം നിരോധിച്ചതിന്റെ സാഹചര്യത്തിലാണ് ഇന്ത്യയും നിരോധനം ഏർപ്പെടുത്തിയത്.

✪✪✪

ഭാരതീയ മസ്ദൂർ സംഘം ഇന്ന് 70 -ാമത് സ്ഥാപക ദിനം ആഘോഷിക്കുന്നു. രാജ്യത്തെ ഏറ്റവും വലിയ കേന്ദ്ര ട്രേഡ് യൂണിയനാണ് BMS. 6,500-ലധികം ട്രേഡ് യൂണിയനുകൾ സംഘടനയിൽ രജിസ്റ്റർ ചെയ്തതായി BMS ദേശീയ പ്രസിഡണ്ട് ഹിരൺമയ് പാണ്ഡ്യ ആകാശവാണിയോട് പറഞ്ഞു. തൊഴിലാളികളുടെ അവകാശങ്ങൾക്കപ്പുറം വിശാലമായ സാമൂഹ്യ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സംഘടന ശ്രമിച്ചുവരികയാണെന്ന് അദ്ദേഹം പറഞ്ഞു. വനിതാ- യുവജന തൊഴിലാളികളുടെ പ്രശ്നങ്ങളെ സംഘടന സജീവമായി പിന്തുണക്കുന്നുണ്ടെന്നും ഹിരൺമയ് പാണ്ഡ്യ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ആറ് ജില്ലകളിലൊഴികെ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംത്തിട്ട ജില്ലകളിലാണ് മഞ്ഞ ജാഗ്രത. അതിശക്ത മഴക്ക് സാധ്യത മുൻനിർത്തി മറ്റന്നാൾ മുതൽ ചില ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

BJP സംസ്ഥാന ശില്പശാല രാവിലെ കോട്ടയത്ത് തുടങ്ങും. തദ്ദേശ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്തുന്ന ശില്പശാല പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. നാഗമ്പടത്തെ ജില്ലാകമ്മിറ്റി ഓഫീസിലാണ് പരിപാടി. മുൻ സംസ്ഥാന പ്രസിഡണ്ട് കുമ്മനം രാജശേഖരൻ, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ MT രമേശ്, ശോഭാ സുരേന്ദ്രൻ, S സുരേഷ്, അനൂപ് ആന്റണി എന്നിവർ പങ്കെടുക്കും. സംസ്ഥാനത്തെ 30 സംഘടനാ ജില്ലാ പ്രസിഡണ്ടുമാരും, ജനറൽ സെക്രട്ടറിമാരും, പ്രഭാരിമാരും ഏകദിന ശില്പശാലയിൽ പങ്കെടുക്കും.

✪✪✪

ഇംഗ്ലണ്ടിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ആവേശകരമായ മൂന്നാം മത്സരത്തിൽ ചെസ്റ്റർ ലീ സ്ട്രീറ്റിൽ ഇംഗ്ലണ്ടിനെ 13 റൺസിന് തോൽപ്പിച്ചാണ് ഇന്ത്യൻ വനിതകൾ പരമ്പര സ്വന്തമാക്കിയത്. ടോസ് നേടി ആദ്യം ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ, അഞ്ച് വിക്കറ്റിന് 318 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ഇംഗ്ലണ്ട് ഒരു പന്ത് ബാക്കി നിൽക്കെ 305 റൺസിന് എല്ലാവരും പുറത്തായി. 84 പന്തിൽ നിന്ന് 102 റൺസെടുത്ത ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻ പ്രീത് ആണ് പ്ലയർ ഓഫ് ദ മാച്ചും, പ്ലയർ ഓഫ് ദ സീരീസും.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റ് വൈകിട്ട് മാഞ്ചസ്റ്ററിലെ ഓൾഡ് ട്രഫോഡിൽ ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിൽ ഒരു മത്സരം മാത്രം വിജയിച്ച ഇന്ത്യയ്ക്ക് ഈ ടെസ്റ്റ് നിർണായകമാണ്. രണ്ട് മാച്ച് വിജയിച്ച ഇംഗ്ലണ്ടിന് ഇതിലും വിജയം നേടാനായാൽ പരമ്പര സ്വന്തമാക്കാം. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

✪✪✪

134-ാമത് ഡ്യൂറാൻഡ് കപ്പ് ഫുട്ബോൾ ടൂർണമെന്റിന് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും. കൊൽക്കത്തയ്ക്കു പുറമെ, ജംഷഡ്പൂർ, ഷില്ലോങ്, കൊക്രാജർ, ഇംഫാൽ എന്നിവിടങ്ങളിലാണ് ടൂർണമെന്റിലെ പത്ത് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഇന്ന് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ, സൗത്ത് യുണൈറ്റഡ് FC യെ നേരിടും.

✪✪✪

കാലിക്കറ്റ് സർവകലാശാല ക്യാമ്പസിലെ കോളേജ് പ്രൊഫഷണൽ ലീഗ് ഫുട്ബോളിൽ മഹാരാജാസ് സ്ട്രൈക്കേഴ്സ്, മാർ അത്തനേഷ്യസ് ഫുട്ബോൾ അക്കാദമി ടീമുകൾ സൂപ്പർ ലീഗിലേക്ക് പ്രവേശനം നേടി. നേരത്തെ സമോറിൻസ് ZGC, MES KVM സോക്കർ ടീമുകൾ സൂപ്പർ ലീഗിൽ പ്രവേശിച്ചിരുന്നു. സൂപ്പർ ലീഗ് മത്സരങ്ങൾ അടുത്തയാഴ്ച ആരംഭിക്കും.

✪✪✪

കൊല്ലം- ആലപ്പുഴ മെമു ട്രെയിൻ 16 കോച്ചുകളുമായി സർവീസ് ആരംഭിച്ചു. കൊല്ലത്തു നിന്ന് പുലർച്ചെ 3.45-നാണ് ട്രെയിൻ ആലപ്പുഴയിലേക്ക് യാത്ര തുടങ്ങിയത്. കപൂർത്തലയിൽ നിർമ്മിച്ച അത്യാധുനിക മെമു റേക്ക് ആണ് സർവീസിനുപയോഗിക്കുന്നത്. തീരദേശ പാതയിൽ സഞ്ചരിക്കുന്ന മറ്റു രണ്ട് മെമു ട്രെയിനുകളുടെ കോച്ചുകളുടെ എണ്ണവും അടുത്ത മാസം അവസാനത്തോടെ വർദ്ധിപ്പിക്കുമെന്ന് റെയിൽവെ അറിയിച്ചു. KC വേണുഗോപാൽ MP ഈ ആവശ്യം റെയിൽവേയോട് നിരന്തരം ഉന്നയിച്ചിരുന്നു.

✪✪✪

കോഴിക്കോട് - കുറ്റ്യാടി റൂട്ടിലെ സ്വകാര്യ ബസ് പ്രശ്നം സർവകക്ഷിയോഗം വിളിച്ച് അടിയന്തരമായി പരിഹരിക്കണമെന്ന് KSU ജില്ലാകമ്മിറ്റി കളക്ടറോട് ആവശ്യപ്പെട്ടു. സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം മൂലം നിരവധിപേർക്ക് ജീവൻ നഷ്ടപ്പെട്ടതായി ജില്ലാപ്രസിഡണ്ട് VT സൂരജ് പറഞ്ഞു. ബസ്സുകളുടെ സമയം പുതുക്കണമെന്നും, സമയക്രമം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും KSU നിർദ്ദേശിച്ചു.

✪✪✪

കണ്ണൂർ - പിലാത്തറ KSTP റോഡിൽ മേൽപ്പാലങ്ങളുടെ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ നാളെ വരെ റോഡിൽ ഗതാഗതം നിരോധിച്ചു. വാഹനങ്ങൾ ബദൽ റോഡ് വഴി പോകേണ്ടതാണ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ - പാൽചുരം റോഡിലെ ഗതാഗതം പുന:സ്ഥാപിച്ചതായി ജില്ലാ കലക്ടർ അറിയിച്ചു. മണ്ണിടിച്ചിൽ മൂലമുണ്ടായ തടസ്സം നീക്കിയ സാഹചര്യത്തിലാണ് ഗതാഗതം അനുവദിച്ചത്. എന്നാൽ രാത്രിയാത്രയ്ക്ക് നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

തിരുവനന്തപുരം DCC മുൻ ജനറൽ സെക്രട്ടറി KG ജേക്കബ് നിര്യാതനായി. 55 വയസ്സായിരുന്നു. യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിയായും, KSU സംസ്ഥാന വൈസ് പ്രസിഡണ്ടുമായും പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

വയനാട് ജില്ലയിലും ഇഞ്ചിയിലെ ഇലപ്പുള്ളി രോഗം കണ്ടുവരുന്ന സാഹചര്യത്തിൽ കർഷകർ കൂടുതൽ മുൻകരുതലെടുക്കണമെന്ന് കോഴിക്കോട്ടെ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം അറിയിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRT: ഫസ്ന ഫാത്തിമ*
*DEO : ഷീബ*

बहुजनहिताय बहुजनसुखाय
आकाशवाणी